5799333/2023

BY FAX

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.CDN5/93/2023-GAD
പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 13-07-2023

## സർക്കുലർ

വിഷയം:- പൊതുഭരണ വകുപ്പ്- വിവരാവകാശ നിയമം, 2005 പ്രകാരം ഫീസ് അടയ്ക്കുന്നതിനായി സർക്കാർ വകുപ്പുകൾ അല്ലാത്ത പൊതു അധികാരികളുടെ ബാങ്ക് അക്കൗണ്ടുകളുടെ വിശദവിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1. 09.06.2006-ലെ 11259/സി.ഡി.എൻ.5/2006/പൊ.ഭ.വ നമ്പർ വിജ്ഞാപനം.
2. 16.12.2007-ലെ സ.ഉ (പി) നം. 540/2007/പൊ.ഭ.വ ഉത്തരവ്.

**********************

സർക്കാർ വകുപ്പുകൾ അല്ലാത്ത പൊതു അധികാരികൾ മുൻപാകെ വിവരാവകാശ അപേക്ഷകൾ സമർപ്പിക്കുമ്പോൾ പ്രസ്തുത അധികാരികളുടെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് ഫീസ് അടയ്ക്കാവുന്നതാണെന്ന രണ്ടാം പരാമർശിത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ഇപ്രകാരം ഫീസ് അടയ്ക്കുന്നതിനായി സർക്കാരിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ബോർഡുകൾ, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ തങ്ങളുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ (ബാങ്കിന്റെ പേര്, ശാഖ, ഐ.എഫ്.എസ്.സി കോഡ്, അക്കൗണ്ട് നമ്പർ എന്നിവ) ഔദ്യോഗിക വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

ധനകാര്യം, നിയമം ഉൾപ്പെടെ ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കലക്ടർമാർക്കും
എല്ലാ സംസ്ഥാന പൊതുവിവരാവകാശ ഓഫീസർമാർക്കും (ജില്ലാ കളക്ടർമാർ മുഖേന)
സംസ്ഥാനത്തെ എല്ലാ ബോർഡുകൾ, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനമേധാവികൾക്കും
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreekumar T
Date: 14-07-2023 10:42:05
സെക്ഷൻ ഓഫീസർ.